# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1784 | 04.05.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | പുതിയ ചരക്ക് സേവന നികുതി ഘടന കേരളത്തിൽ നടപ്പാക്കുമ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് പൊതുവായി നികുതി മേഖലയിൽ ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സംസ്ഥാനത്ത് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്; | (എ) | ജി.എസ്.ടി നടപ്പിലാക്കുന്നതോടെ ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റങ്ങളിൽ ഒരേ സമയം നികുതി ചുമത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരം ലഭിക്കുന്നതാണ്. സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങളിൽ സംസ്ഥാനം എസ്.ജി.എസ്.ടിയും കേന്ദ്രം സി.ജി.എസ്.ടിയും ചുമത്തുന്നതാണ്. കൂടാതെ അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ കേന്ദ്രം ഐ.ജി.എസ്.ടിയും ചുമത്തുന്നതാണ്. ജി.എസ്.ടി ഒരു പ്രാപ്യസ്ഥാന നികുതി വ്യവസ്ഥയാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി, വാങ്ങിയ വ്യാപാരികൾ അവർ തുടർ വില്പന നടത്തുമ്പോൾ ക്രെഡിറ്റ് എടുക്കാവുന്നതാണ്. നികുതിക്കുമേൽ നികുതിയെന്ന അവസ്ഥ ഏതാണ്ട് പൂർണ്ണമായും ഒഴിവാകുന്നതാണ്. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കാൻ സാധിക്കുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാവുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ |

| | | | |
|---|---|---|---|
| | | | പ്രാപ്യസ്ഥാന തത്വം കേരളത്തിന് ഗുണപ്രദമാകും. ജി.എസ്.ടി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ എസ്.ജി.എസ്.ടി നിയമം പാസ്സാക്കേണ്ടതുണ്ട്. വ്യാപാരികളുടെ രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ നടത്തുന്നതിനുള്ള ഐ.ടി സംവിധാനമായ കോമൺ പോർട്ടൽ ജി.എസ്.ടി.എൻ തയ്യാറാക്കി വരുന്നു. എന്നാൽ സംസ്ഥാന സർക്കാർ ബാക്ക് എൻഡ് മോഡ്യൂൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിനുവേണ്ട സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ രൂപീകരണം എൻ.ഐ.സി യുടെ സഹകരണത്തോടെ പുരോഗമിച്ച് വരുന്നു. വകുപ്പിലെ എല്ലാ ജീവനക്കാർക്കും നിയമത്തെക്കുറിച്ചും സാങ്കേതിക വിദ്യയെക്കുറിച്ചും പരിശീലനം നൽകേണ്ട തുണ്ട്. |
| (ബി) | ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തെ കാർഷിക മേഖലയുടെ നികുതി ഘടന എങ്ങിനെയായിരിക്കും എന്നതു സംബന്ധിച്ച് വ്യക്തമാക്കാമോ; | (ബി) | നികുതി വിമുക്തമാകുന്ന ഉല്പന്നങ്ങൾ, നികുതി നിരക്ക് എന്നിവ സംബന്ധിച്ച് തീരുമാനമായിട്ടില്ല. ഉദ്യോഗസ്ഥതല ചർച്ച നടന്നു വരുന്നതേയുള്ളൂ. ജി.എസ്.ടി കൗൺസിലിൽ തീരുമാനമാകാത്ത തിനാൽ കാർഷികമേഖലയിലുള്ള നികുതി ഘടനയെക്കുറിച്ച് ഒരു വ്യക്തമായ ധാരണ ഉരുത്തിരിഞ്ഞിട്ടില്ല. |
| (സി) | വ്യക്തിപരമായി നടത്തുന്ന വിള ഉൽപ്പാദനത്തെ മാത്രമേ ജി.എസ്.ടി. യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ എന്നത് ശരിയാണോ; അങ്ങിനെവന്നാൽ പാട്ടകൃഷി, വിളകൾ പങ്കുവെച്ചുള്ള കൃഷിരീതി തുടങ്ങിയവ ജി.എസ്.ടി. പരിധിയിൽ ഉൾപ്പെടുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കർഷകന്റെ നിർവചനത്തിൽ പാട്ടകൃഷി, വിളകൾ പങ്ക് വെച്ചുള്ള കൃഷി രീതി തുടങ്ങിയവ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നികുതി ബാധകമായ വിളകൾ കൃഷി ചെയ്യുന്ന ഇത്തരം കൃഷി രീതികൾക്ക് ജി.എസ്.ടി ബാധകമാകുമെന്നാണ് നിലവിലെ വിലയിരുത്തൽ. |
| (ഡി) | ഡയറി ഫാമിംഗ്, പൗൾട്രി ഫാമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴങ്ങളുടെ ശേഖരണം, തൈചെടികളുടെ | (ഡി) | ഡയറി ഫാമിംഗ്, പൗൾട്രി ഫാമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴങ്ങളുടെ ശേഖരണം, തൈചെടികളുടെ വില്പന |

| | | | |
|---|---|---|---|
| | വിൽപ്പന തുടങ്ങിയവയ്ക്ക് മുൻപ് നികുതിയില്ലാതിരിക്കുകയും, ജി.എസ്.ടി. നിയമത്തിലെ കൃഷിയുടെ നിർവചനത്തിൽ ഇവ ഉൾപ്പെടാതിരിക്കുകയും ചെയ്യുന്നതുമൂലം, ഈ മേഖലയും ജി.എസ്.ടി. യുടെ നികുതി ഘടനയ്ക്കു കീഴിൽ ഉൾപ്പെടുകയില്ലേ; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഇവയ്ക്ക് ഇളവുകൾ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | | ചെയ്യുന്നവർ എന്നിവയെ കൃഷിക്കാരന്റെ നിർവചനത്തിൽ ജി.എസ്.ടി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ആസ്പദമായ നികുതി നിരക്ക് ഇതുവരെയും നിശ്ചയിച്ചിട്ടില്ല. നിരക്കുകളെ സംബന്ധിച്ച ചർച്ചകൾ ജി.എസ്.ടി കൗൺസിലിൽ നടന്നു വരുന്നതേയുള്ളൂ. ഇതു സംബന്ധിച്ച ചർച്ചകളിൽ കൃഷിക്കാർക്ക് സഹായകരമായ നിലപാട് സ്വീകരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ